LIBRARY ARCHIVES Kerala Legislative Assembly

ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ കരിമണൽ ഖനനം

18 [2790] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, കെ. ബാബു :
,, ലൂഡി ലൂയിസ് :
,, എം. മുരളി :
,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പാട് ഗ്രാമ പഞ്ചായത്തിൽ നിന്ന് ഏതെല്ലാം സ്ഥാപനങ്ങളാണ് കരിമണൽ ഖനനം ചെയ്യുന്നത്;

(ബി) എത്ര ടൺ കരിമണൽ വീതം പ്രതിദിനം ഇവിടെ നിന്ന് ഖനനം ചെയ്യുന്നുണ്ട്?

ഉത്തരം

(എ ആന്റ് ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ആർ.ഇ.എൽ. എന്ന കമ്പനിക്ക് ഖനനത്തിനുള്ള ലീസ് നൽകിയ എട്ടാമത്തെ ബ്ലോക്ക് ആലപ്പാട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. പ്രസ്തുത ലീസ് കാലാവധിയായിരിക്കുകയാണ്. ഈ ബ്ലോക്കിൽ ഇപ്പോൾ ഖനനം നടക്കുന്നില്ല.

മലപ്പുറം ജില്ലയിൽ പുതിയ വ്യവസായങ്ങൾ

19 [2791] ശ്രീ. ഇസ്ഹാക് കുരിക്കൾ :
,, സി. മോയിൻകുട്ടി :
,, നാലകത്ത് സൂപ്പി :
,, കെ. എൻ. എ. ഖാദർ :
,, പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പുതിയ വ്യവസായങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായങ്ങളാണെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായങ്ങൾ തുടങ്ങുന്നതിന് സ്ഥലം നിർണ്ണയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?